മനോരമ പ്രാദേശികം

ഒഴിവ്

എളേരിത്തട്ട് ● ഇ.കെ.നായനാർ സ്മാരക ഗവ.കോളജിൽ ജേണലിസം, ഇംഗ്ലിഷ് വിഷയങ്ങളിൽ അധ്യാപക ഒഴിവിലേക്കുള്ള കൂടിക്കാഴ്ച 30ന് 10.30ന് നടക്കും. കോളജ് വിദ്യാഭ്യാസ വകുപ്പ് ഡപ്യൂട്ടി ഡയറക്ടറേറ്റിൽ പേര് റജിസ്റ്റർ ചെയ്തവർ റജിസ്ട്രേഷൻ നമ്പർ, ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കണം. ബന്ധപ്പെട്ട വിഷയങ്ങളിൽ നെറ്റ് ,പിഎച്ച്ഡി അടിസ്ഥാനയോഗ്യത.യോഗ്യതകൾ ഇല്ലാത്തവരുടെ അഭാവത്തിൽ 55ശതമാനം മാർക്കിൽ കുറയാത്ത ബിരുദാനന്തര ബിരുദമുള്ളവരെയും പരിഗണിക്കും. 04672245833, 9188900213

കാസർകോട് ● കുടുംബശ്രീ ബ്രോയ്‌ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ജില്ലയിൽ മാർക്കറ്റിങ് എക്സിക്യൂട്ടീവ് ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ഉയർന്ന പ്രായപരിധി 30. രേഖകൾ സഹിതം ജൂൺ 1ന് അകം ജില്ലാ മിഷൻ കോഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ ഓഫിസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർകോട് - 671123 എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ അപേക്ഷിക്കണം. 7012766725. www.keralachicken.org.in

ബദിയടുക്ക ● സിഎച്ച്സിയിൽ ഫാർമസിസ്റ്റ് നിയമനത്തിനു അഭിമുഖം ജൂൺ 4ന് 10നു നടക്കും. 04998285716.

കാസർകോട് ● എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി കാസർകോട് ഉപകേന്ദ്രത്തിൽ (കാസർകോട് മുനിസിപ്പൽ ഷോപ്പിങ് കോംപ്ലക്സ്, പഴയ ബസ് സ്റ്റാൻഡ്) 28ന് 10.30നു നടത്താനിരുന്ന ഗെസ്റ്റ് ലക്ചറർ അഭിമുഖം 29ലേക്ക് മാറ്റി. 9495770708.

പൈവളികെ ● പഞ്ചായത്ത് എൽഎസ്ജിഡി അസിസ്റ്റന്റ് എൻജിനീയറുടെ ഓഫിസിൽ തേഡ് ഗ്രേഡ് ഓവർസീയറെ താൽക്കാലികമായി നിയമിക്കുന്നു. അഭിമുഖം ജൂൺ 1ന് 3നു പഞ്ചായത്ത് ഓഫിസിൽ. 9496049719.

കാഞ്ഞങ്ങാട് ● സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ കാര്യാലയത്തിൽ (കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷന് സമീപം) കമേഴ്സ്യൽ അപ്രന്റിസ് നിയമനത്തിനു അഭിമുഖം ജൂൺ 1ന് 2നു നടക്കും. പ്രായപരിധി 30. ഫോൺ: 0467-2201180.

കാസർകോട് ● ഗ്രാജേറ്റ് എൻജിനീയറിങ് അപ്രന്റിസ് നിയമനത്തിനുള്ള അഭിമുഖം ജൂൺ 1ന് 11നു നടക്കും. പ്രായപരിധി 28. ഫോൺ: 0467-2201180.

മംഗൽപാടി ● പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അക്രഡിറ്റഡ് ഓവർസീയർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. അഭിമുഖം 26ന് 11നു പഞ്ചായത്ത് ഓഫിസിൽ. 04998-240221.

കുണിയ ● ജിവിഎച്ച്എസ്എസിൽ ബസ് ഡ്രൈവർ ഒഴിവ്. അഭിമുഖം 25ന് 11നു സ്കൂളിൽ.

കയ്യൂർ ● ഗവ. ഐടിഐയിൽ എംഎംവി ട്രേഡിൽ ഗെസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നു. അഭിമുഖം 26ന് 11നു പ്രിൻസിപ്പൽ ഓഫിസിൽ. 04672-230980.

ഉദുമ ● ആർട്സ് ആൻഡ് സയൻസ് കോളജിൽ സൈക്കോളജിസ്റ്റ് കരാർ നിയമനത്തിനു അഭിമുഖം 25ന് 10.30നു പ്രിൻസിപ്പൽ ചേംബറിൽ നടക്കും. 9188900216. www.gascuduma.ac.in

അരമങ്ങാനം ● ഗവ. എൽപി സ്കൂളിൽ എൽപിഎസ്ടി മലയാളം ഒഴിവ്. അഭിമുഖം 26ന് 10നു സ്കൂളിൽ.

കൊട്ടിയൂർ വൈശാഖോത്സവം 2026

കൊട്ടിയൂർ ക്ഷേത്രത്തിൽ നീരെഴുന്നള്ളത്ത് മുതൽ തൃക്കലശാട്ടം വരെയുള്ള ചടങ്ങുകൾ നടക്കുന്ന ദിവസങ്ങൾ

മലയാള മനോരമ

2026 മേയ്

ശനി	വ്യാഴം	വെള്ളി	
23 നീരെഴുന്നള്ളത്ത്	28 നെയ്യാട്ടം	29 ഭണ്ഡാരം എഴുന്നള്ളത്ത്	

2026 ജൂൺ

വെള്ളി 5 തിരുവോണം ആരാധന	ഞായർ 7 ഇളനീർവയ്പ്	തിങ്കൾ 8 ഇളനീരാട്ടം, അഷ്ടമി ആരാധന	ബുധൻ 10 രേവതി ആരാധന
ഞായർ 14 രോഹിണി ആരാധന	ചൊവ്വ 16 തിരുവാതിര ചതുശ്ശതം	ബുധൻ 17 പുണർതം ചതുശ്ശതം	വെള്ളി 19 ആയില്യം ചതുശ്ശതം
ശനി 20 മകം കലംവരവ്	ചൊവ്വ 23 അത്തം ചതുശ്ശതം, വാളാട്ടം, കലശപൂജ	ബുധൻ 24 തൃക്കലശാട്ടം	സ്ത്രീകൾക്ക് പ്രവേശനം: മേയ് 30 മുതൽ ജൂൺ 20 ന് ഉച്ചശീവേലി വരെ.

വൈശാഖോത്സവം: നീരെഴുന്നള്ളത്ത് ഇന്ന്

കൊട്ടിയൂർ ● വൈശാഖോത്സവത്തിന് മുന്നോടിയായി അക്കരെ കൊട്ടിയൂർ ക്ഷേത്രത്തിലെ മണിത്തറയിലുള്ള സ്വയംഭൂ സ്ഥാനത്ത് ബാവലി തീർഥം അഭിഷേകം ചെയ്യുന്നതിനുള്ള നീരെഴുന്നള്ളത്ത് ഇന്ന്. ആചാര്യന്മാരും അടിയന്തിര യോഗക്കാരും അവകാശികളും സ്ഥാനികരും അടങ്ങുന്ന സംഘം അക്കരെ കൊട്ടിയൂർ ക്ഷേത്രസന്നിധാനത്ത് ആദ്യം പ്രവേശിക്കുന്ന ചടങ്ങാണ് നീരെഴുന്നള്ളത്ത്. മറ്റാർക്കും സന്നിധാനത്തൽ പ്രവേശനമില്ല.

കോട്ടയം തിരൂർകുന്ന് ഗണപതി ക്ഷേത്രത്തിൽനിന്ന് വ്യാഴാഴ്ച പുറപ്പെട്ട വിളക്കുതിരി സംഘം ഇക്കരെ കൊട്ടിയൂരിലെത്തിയ ശേഷമായിരിക്കും ഇന്നത്തെ ചടങ്ങുകൾ ആരംഭിക്കുക. നീരെഴുന്നള്ളത്തിന് മുൻപായി ഒറ്റപ്പിലാൻ, പുറങ്കലയൻ, ജന്മാശാരി, പെരുവണ്ണാൻ, കൊല്ലൻ, കണിശൻ ഗുരുക്കൾ എന്നിവർ ചേർന്ന് ഇക്കരെ സന്നിധാനത്തും ബാവലിപ്പുഴയിലും വച്ച് തണ്ണീർകുടി ചടങ്ങ് നടത്തും.

ജന്മാശാന്തിയുടെയും സമുദായിയുടെയും നേതൃത്വത്തിൽ സംഘം ഇക്കരെനിന്ന് പുറപ്പെട്ട് കിഴക്കേ നടയിലെ ബാവലിപ്പുഴക്കരയിലെത്തിയാൽ ഉടൻ അനുമതി വാങ്ങി ഒറ്റപ്പിലാൻ, ആശാരി, പുറങ്കലയൻ സ്ഥാനികർ ബാവലി തീർഥവുമായി സന്നിധാനത്തിൽ പ്രവേശിക്കും. സംഘം മന്ദംചേരി ഉരുളിക്കുളത്തിലെത്തി കൂവയില ശേഖരിച്ച് ശേഷമാണ് ബാവലിപ്പുഴയുടെ കരയിലെത്തുക. കൂവയിലയിൽ ശേഖരിച്ച ബാവലി തീർഥവുമായി മണിത്തറയിൽ പ്രവേശിക്കും.

ജന്മശാന്തി മണിത്തറയിലെ സ്വയംഭൂ വിഗ്രഹം കുടികൊള്ളുന്ന സ്ഥാനത്ത് പ്രവേശിച്ച് ബാവലി തീർഥം അഭിഷേകം ചെയ്യും. സാഷ്ടാംഗ നമസ്കാരം ചെയ്ത് സംഘം മടങ്ങും. തുടർന്ന് രാത്രി ഇക്കരെ കൊട്ടിയൂരിലെ ആയില്യാർ കാവിൽ പ്രത്യേക ചടങ്ങുകളും അപ്പട നിവേദ്യവും നടത്തും.

ചോതിവിളക്ക് തെളിയുന്ന ദിനംകാത്ത് നെയ്യമൃത് സംഘങ്ങൾ

തൊണ്ടിയിൽ ● കലശം കുളിച്ച് മഠത്തിൽ കയറി കഠിനവ്രതം ആരംഭിച്ച നെയ്യമൃത് സംഘങ്ങൾ വൈശാഖോത്സവത്തിലെ ചോതിവിളക്ക് തെളിയുന്ന ദിനത്തിനായി കാത്തിരിപ്പു തുടങ്ങി. കൊട്ടിയൂർ സ്വയംഭൂവിൽ അഭിഷേകം ചെയ്യുന്നതിനുള്ള നെയ്യ് എഴുന്നള്ളിക്കുന്നതിന് വ്രതമെടുത്തവരാണു മഠത്തിൽ പ്രവേശിച്ചത്.

വ്രതത്തിന്റെ ആദ്യഘട്ടത്തിൽ സ്വന്തം വീടുകളിൽ ഭക്ഷണം പാകം ചെയ്ത് കഴിക്കും. രണ്ടാം ഘട്ടത്തിൽ വേറെവയ്പ് എന്ന നിഷ്ഠ ആരംഭിക്കും. പത്ത് ദിവസത്തെ വേറെവയ്പ് പൂർത്തിയാക്കിയാണ് കലശം കുളിച്ച് മഠത്തിൽ കയറിയത്.

കലശംകുളിക്കൽ ചടങ്ങിന് തിരുവോണം മഹാവിഷ്ണു ക്ഷേത്രം മേൽശാന്തി വിഷ്ണു നമ്പൂതിരി മുഖ്യകാർമികത്വം വഹിച്ചു. കലശം കുളിച്ചു മഠത്തിൽ കയറിയ നെയ്യമൃത് സംഘം 28ന് പുലർച്ചെ നെയ് നിറച്ച കിണ്ടികളും വഹിച്ച് കാൽനടയായി കൊട്ടിയൂരിലേക്ക് പുറപ്പെടും.

തിരുവോണപ്പുറം നെയ്യമൃത് മഠത്തിൽ കാരണവർ ചീക്കപ്രവൻ മോഹൻദാസ് നായരുടെ നേതൃത്വത്തിൽ 30 പേരാണ് കലശം കുളിച്ച് മഠത്തിൽ കയറിയത്.

കൂടുതൽ വാർത്തകൾ manoramaONLINE

'തോൽവിക്കു കാരണം ന്യൂനപക്ഷ വർഗീയത'

സിപിഎമ്മിന് തിരിച്ചടിയായി രാഗേഷിന്റെ വ്യാഖ്യാനം

▸▸ രാഗേഷിനെ പിന്തുണച്ച് ബിജെപി; എതിർത്ത് ഐഎൻഎൽ

അനിൽ കുരുടത്ത്

കണ്ണൂർ ● ന്യൂനപക്ഷ വർഗീയത തിമിർത്താടിയതാണ് നിയമസഭാ തിരഞ്ഞെടുപ്പിൽ യുഡിഎഫ് ജയിക്കാൻ കാരണമെന്ന സിപിഎം ജില്ലാ സെക്രട്ടറി കെ.കെ.രാഗേഷിന്റെ വ്യാഖ്യാനം തിരിച്ചടിക്കുന്നു. രാഗേഷിന്റെ നിലപാടിനോടു യോജിച്ച് ബിജെപിയും എതിർത്ത് എൽഡിഎഫിലെ ഘടകകക്ഷിയായ ഐഎൻഎലും രംഗത്തുവന്നു. രാഗേഷിന്റെ പ്രസ്താവന ആർഎസ്എസ് ബന്ധത്തിന്റെ പരസ്യപ്രഖ്യാപനമാണെന്ന് വി.കുഞ്ഞിക്കൃഷ്ണൻ എംഎൽഎ കുറ്റപ്പെടുത്തി.

ബിജെപി രാജ്യസഭാംഗം സി.സദാനന്ദനാണ് രാഗേഷിന് പിന്തുണയുമായി എത്തിയത്. ബിജെപിയുടെ രാഷ്ട്രീയം രാഗേഷിന്റെ വാക്കുകളിലൂടെ പുറത്തുവന്നതാണു കാരണം. മതം നോക്കിയേ വോട്ടുചെയ്യാൻ പാടുള്ളൂ, പള്ളി നോക്കിയേ വോട്ടുചെയ്യാൻ പാടുള്ളൂവെന്ന് മുസ്‌ലിം ലീഗും ജമാഅത്തെ ഇസ്‌ലാമിയും പ്രചരിപ്പിച്ചെന്നായിരുന്നു രാഗേഷിന്റെ ആരോപണം. കേരളത്തിൽ പിടിമുറുക്കുന്ന രാഷ്ട്രീയ ഇസ്‌ലാമികത സിപിഎം നേതാക്കൾ തിരിച്ചറിയുന്നത് നല്ല കാര്യമെന്നാണ് സി.സദാനന്ദന്റെ പ്രതികരണം. ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാനെന്ന വാദമുയർത്തി മുൻകാലങ്ങളിൽ ചെയ്തുകൂട്ടിയ പാപകർമങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാൻ ഈ തിരിച്ചറിവ് സഹായകമാകട്ടേയെന്ന് സദാനന്ദൻ സിപിഎമ്മിനെ ആശംസിച്ചു.

സിപിഎം നേതൃത്വത്തിന്റെ കൊള്ളരുതായ്മയും അഹങ്കാരവുമാണ് പരാജയകാരണമെന്നത് മറച്ചുവയ്ക്കാനാണ് ന്യൂനപക്ഷ വർഗീയത പറഞ്ഞ് രാഗേഷ് ആക്ഷേപം ഉന്നയിക്കുന്നതെന്ന് ഐഎൻഎൽ കുറ്റപ്പെടുത്തുന്നു. സിപിഎമ്മിന്റെ സംഘടനാ വീഴ്ചകൾ മറച്ചുവച്ച്, വർഗീയതയാണ് യുഡിഎഫിനെ തുണച്ചതെന്ന തരത്തിൽ സിപിഎം നടത്തിയ അഭിപ്രായപ്രകടനത്തോടാണ് ഐഎൻഎലിന്റെ വിയോജിപ്പ്. 'നിങ്ങളുടെ കൊള്ളരുതായ്മയും അഹങ്കാരവും കൊണ്ട് ജില്ലയിൽ സ്വന്തം പാർട്ടി അണികൾ പയ്യന്നൂരിലും തളിപ്പറമ്പിലും കാലുവാരിയത് മറച്ചുവയ്ക്കാനാണോ രാഗേഷ് സഖാവേ, ന്യൂനപക്ഷ വർഗീയത പറഞ്ഞ് ഒന്നടങ്കം ആക്ഷേപിക്കുന്നത്?' എന്നാണ് ഐഎൻഎൽ ജില്ലാ പ്രസിഡന്റ് ഇക്ബാലിന്റെ ചോദ്യം.

രാഗേഷിന്റെ നിലപാടിനെ പിണറായി വിജയനും അനുകൂലിച്ചിരുന്നു. 2021 ലെ നിയമസഭാ തിരഞ്ഞെടുപ്പിനെക്കാൾ ഒരു ലക്ഷത്തോളം പേർ അധികമായി വോട്ട് ചെയ്തിട്ടും എൽഡിഎഫിന് ഇത്തവണ 1.11 ലക്ഷം വോട്ടുകളുടെ കുറവാണ് ജില്ലയിലുണ്ടായത്. ഇതിന്റെ കാരണമെന്തെന്നു വ്യക്തമാക്കാതെ, വസ്തുതകൾക്കു നിരക്കാത്ത തരത്തിൽ അഭിപ്രായപ്രകടനം നടത്തിയതാണ് ചോദ്യം ചെയ്യപ്പെടുന്നത്.

ആർഎസ്എസ് ബന്ധത്തിന്റെ പരസ്യപ്രഖ്യാപനം: വി.കുഞ്ഞിക്കൃഷ്ണൻ

● ന്യൂനപക്ഷ വർഗീയത തിമിർത്താടിയതാണ് നിയമസഭാ തിരഞ്ഞെടുപ്പിൽ യുഡിഎഫിന്റെ ജയത്തിനു കാരണമെന്ന കെ.കെ. രാഗേഷിന്റെ പ്രസ്താവന ആർഎസ്എസ് ബന്ധത്തിന്റെ പരസ്യപ്രഖ്യാപനമാണെന്ന് വി.കുഞ്ഞിക്കൃഷ്ണൻ എംഎൽഎ. ഈ പ്രസ്താവനയെ പിണറായി വിജയൻ അനുകൂലിച്ചത് തോൽവി രുചിച്ചിട്ടും തെറ്റുകൾ തിരുത്തില്ലെന്നതിന്റെ സൂചനയാണെന്നും അത്യന്തം അപകടകരമാണെന്നും കുഞ്ഞിക്കൃഷ്ണൻ അഭിപ്രായപ്പെട്ടു.

ഈ നിലപാടിനെ അംഗീകരിച്ച് രംഗത്തെത്തിയത് ആർഎസ്എസ് നേതാക്കൾ മാത്രമാണ്. സിപിഎമ്മിന് എങ്ങനെയാണ് ബിജെപിയെപ്പോലെ മുസ്‌ലിംകളെ പ്രതിസ്ഥാനത്ത് നിർത്താൻ സാധിക്കുന്നത്? വർഗീയ രാഷ്ട്രീയത്തിലൂടെ ധ്രുവീകരണം സൃഷ്ടിച്ച് അതുവഴി രാഷ്ട്രീയ ലാഭം കൊയ്യാനുള്ള അപകടത രാഗേഷിന്റെ പ്രസംഗങ്ങളിൽ വ്യക്തമാണ്. തലകുനിച്ചും വിധേയപ്പെട്ടും ആജ്ഞാനുവർത്തികളായും ഒരു കാലത്തും ഈ നാട്ടിലെ ജനത നിന്നിട്ടില്ല, നിൽക്കുകയുമില്ല. ആശയ വ്യക്തതയുള്ള മനുഷ്യരാണ് ഈ മണ്ണിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ പിടിച്ചുനിർത്തിയതെന്ന് കുഞ്ഞിക്കൃഷ്ണൻ ഓർമപ്പെടുത്തി.

സിപിഎം തൃക്കരിപ്പൂർ ഏരിയ കമ്മിറ്റിയിൽ വിമർശനം

തോൽവിക്കു കാരണം കണ്ണൂരിലെ സംഘടനാ പ്രശ്നങ്ങൾ; പിണറായി മത്സരിച്ചതും തിരിച്ചടിയായി

മനോരമ ലേഖകൻ

തൃക്കരിപ്പൂർ ● 'ഈ മാഷെയും കൊണ്ട് ഇനിയും പാർട്ടിക്ക് സിന്ദാബാദ്' വിളിക്കാൻ പ്രവർത്തകർ തയാറല്ലെന്ന് പാർട്ടി സെക്രട്ടറി എം.വി.ഗോവിന്ദനെതിരെ തൃക്കരിപ്പൂർ ഏരിയ കമ്മിറ്റിയിൽ വിമർശനം. കാസർകോട്ടെയും കണ്ണൂരിലെയും തിരിച്ചടിക്കു കാരണം എം.വി.ഗോവിന്ദനും കണ്ണൂർ ജില്ലാ സെക്രട്ടറി കെ.കെ.രാഗേഷുമാണെന്നും ആരോപണമുയർന്നു.

പിണറായി വിജയൻ മത്സരിച്ചതു തിരിച്ചടിയായി. ശൈലജയെ തോൽക്കുന്ന സീറ്റു നൽകി മൂലയ്ക്കിരുത്താൻ ശ്രമിച്ചു. പി.ജയരാജനെ ഒറ്റപ്പെടുത്താൻ ശ്രമമുണ്ടായി തുടങ്ങിയ ആരോപണങ്ങളും ഉയർന്നു.

ഏതു കൊടുങ്കാറ്റിലും ഉലയാതിരുന്ന തൃക്കരിപ്പൂർ മണ്ഡലം ഇതാദ്യമായി സിപിഎമ്മിനു കൈവിട്ടുപോയതിന്റെ മുഖ്യകാരണം കണ്ണൂർ ജില്ലയിലെ സംഘടനാപ്രശ്നങ്ങളും പയ്യന്നൂരിലെ പാർട്ടിക്കകത്തുണ്ടായ സംഭവങ്ങളും പരിഹരിക്കുന്നതിൽ കണ്ണൂർ ജില്ലാ നേതൃത്വം പരാജയപ്പെട്ടതാണെന്ന് വിമർശനമുയർന്നു. ഫണ്ട് വിവാദം സാധാരണക്കാരായ പാർട്ടി അനുഭാവികളെ എതിരാക്കി. യുഡിഎഫ് തരംഗത്തിലും തൃക്കരിപ്പൂർ മണ്ഡലം നിലനിർത്താൻ കഴിയുമെന്നിരിക്കെ കഴിവുകെട്ട നേതൃത്വത്തിന്റെ ഇടപെടൽ അതില്ലാതാക്കി.

എം.വി.ഗോവിന്ദനും കെ.കെ. രാഗേഷും ചേർന്നാണ് മണ്ഡലങ്ങളിൽ പലതും നഷ്ടപ്പെടുത്തിയത്. തളിപ്പറമ്പ്, പയ്യന്നൂർ മണ്ഡലങ്ങളിലെ സ്ഥാനാർഥി നിർണയം കേരളത്തിലെ പല മണ്ഡലങ്ങളിലെയും തിരഞ്ഞെടുപ്പ് ഫലം എതിരാക്കി. പിണറായി വിജയൻ മത്സരിക്കാതെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നിയന്ത്രിച്ചിരുന്നെങ്കിൽ പരാജയത്തിന്റെ ആഘാതം കുറയുമായിരുന്നു.

കെ.കെ.ശൈലജയെ പേരാവൂരിൽ മത്സരിപ്പിച്ചതും പി.ജയരാജൻ ഉൾപ്പെടുന്ന നേതാക്കളെ ഒറ്റപ്പെടുത്തിയതും മോശമായ സന്ദേശം നൽകി.

ശൈലജയെ മൂലയ്ക്കിരുത്തുന്നതിനുള്ള തന്ത്രമാണ് പേരാവൂരിലെ സ്ഥാനാർഥിത്വമെന്ന് അണികൾ വിശ്വസിച്ചു. അങ്ങനെ വിശ്വസിപ്പിക്കാൻ പാർട്ടിക്കകത്തും ശ്രമങ്ങളുണ്ടായി.

ജയിച്ചെങ്കിലും പരാജയത്തിനു തുല്യമായ ഫലം ധർമടം, മട്ടന്നൂർ മണ്ഡലങ്ങളിൽ ഉണ്ടായത് അതിന്റെ ഭാഗമാണ്. പല നേതാക്കളും ഇന്നു പരസ്പരം കണ്ടാൽ മിണ്ടാത്തവരാണ്. നേതാക്കളിൽ പലരും 'പല നില'യിലെ കച്ചവടക്കാരും വഴിവിട്ട നിലയിൽ ധനസമ്പാദനം നടത്തുന്നവരുമായി. ജനങ്ങൾക്കിടയിലേക്ക് പാർട്ടി ഇറങ്ങണം.

നേതാക്കളുടെ പാദസേവകർ തലപ്പത്തെത്തുന്നത് പാർട്ടിയെ തകർക്കുമെന്നും നേതൃത്വം ശക്തമായ തിരുത്തൽ വരുത്തണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടു. യോഗത്തിൽ സംസ്ഥാന കമ്മിറ്റി അംഗം പി.ജയരാജനും പങ്കെടുത്തു.

കോഷൻ ഡിപ്പോസിറ്റ് കൈപ്പറ്റണം

പടന്നക്കാട് ● നെഹ്റു ആർട്സ് ആൻഡ് സയൻസ് കോളജിൽ നിന്ന് 2018 മുതൽ 2021 വരെ ഉള്ള അധ്യയന വർഷത്തിൽ പഠനം പൂർത്തീകരിച്ച് വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങിയ വിദ്യാർഥികൾ കോഷൻ ഡിപ്പോസിറ്റ് വാങ്ങാൻ ബാക്കി ഉണ്ടെങ്കിൽ ഉടൻ തന്നെ കോളജ് ഓഫിസിൽ എത്തി തുക കൈപ്പറ്റണമെന്നും തുക വാങ്ങിക്കാനുള്ള അവസാന തീയതി 30 വരെ ആണെന്നും പ്രിൻസിപ്പൽ അറിയിച്ചു.

ജില്ലാ സ്കൂൾ പ്രവേശനോത്സവം ചായ്യോത്ത് ജിഎച്ച്എസ്എസിൽ

കാസർകോട് ● ജില്ലാ സ്കൂൾ പ്രവേശനോത്സവം ചായ്യോത്ത് ഗവ. ഹയർസെക്കൻഡറി സ്കൂളിൽ നടത്താൻ ജില്ലാപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു. എസ്എസ്എൽസി പരീക്ഷയിൽ ജില്ലയിൽ കൂടുതൽ വിദ്യാർഥികൾ വിജയിച്ച സ്കൂളെന്ന പ്രത്യേകതയും ചായ്യോത്തിനുണ്ട്. അക്കാദമിക്, അക്കാദമികേതര പ്രവർത്തനങ്ങളിൽ മികച്ചു നിൽക്കുന്ന വിദ്യാലയമെന്ന നിലയിലാണ് ചായ്യോത്ത് ഗവ. ഹയർ സെക്കൻഡറിയിൽ ഇത്തവണത്തെ ജില്ലാതല പ്രവേശനോത്സവം നടത്താൻ തീരുമാനിച്ചതെന്ന് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സാബു ഏബ്രാഹം അറിയിച്ചു.

KOYILI LASER CENTRE
സൗജന്യ പൈൽസ്
(അർശ്ശസ്)
പരിശോധനാ ക്യാമ്പ്
ലേസർ സർജൻ ഡോ. വി. സുരേഷിന്റെ നേതൃത്വത്തിൽ ഏറ്റവും ആധുനികമായ ലേസർ ശസ്ത്രക്രിയയിലൂടെ കൊയിലി ഹോസ്പിറ്റലിൽ വെച്ച് പൈൽസ് സുഖപ്പെടുത്തുന്നു.
പ്രത്യേകതകൾ
● ചെറിയ മുറിവ് ● വേദന വളരെ കുറവ്
● രക്തനഷ്ടം തീരെ കുറവ് ● അഡ്മിഷൻ
● ചുരുങ്ങിയ ദിവസം
ക്യാമ്പ് ഞായറാഴ്ച (24-05-2026) രാവിലെ 10 മണിക്ക്
കൊയിലി ഹോസ്പിറ്റലിൽ
വിശദവിവരങ്ങൾക്ക് 9048714471
ബുക്കിംഗ് : 0497 2714458



9TH DEATH ANNIVERSARY
23.05.2026

DOB: 12-05-1936 DOD: 23-05-2017

Dr. P.V.KANNAN

"You will always remain as the light illuminating our hearts"

Sorrowing.... *Wife:* Prameela,
Sons: **Dr. P.V. Biju (Dr. Biju's Dental Clinic, Sreerosh Building, Ashoka Hospital Road, South Bazar, Kannur)**, Liji.P.V. (Canada),
Daughter: Dr. Nitu P.V. (Professor, Amrita Hospital, Cochin)
Son in Law: Dr. Sandeep (Professor, Amrita Hospital, Cochin),
Daughter in Law: Roshna Biju, Centre Head (Brilliant Study Centre, Kannur), Shilpa Liji (Canada),
Grand Children: Shloka, Aditya.B.Kannan, Advait.B.Kannan, Vedika and Ameya,
Relatives & Friends, 🙏 Bennyachayan (Switzerland),

കേരള ഗ്രാമീണ ബാങ്ക്
KERALA GRAMEENA BANK
Scheduled Bank Owned By Government
Ph: 04994-222053, 225266, Fax: 04994-222053, roksd@kgb.bank.in

ഹെഡ് ഓഫീസ്: മലപ്പുറം
റീജിയണൽ ഓഫീസ്: കാസർഗോഡ്

കൈവശപ്പെടുത്തൽ നോട്ടീസ് (വകുപ്പ് 13(4))

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (2002 ലെ ആക്ട് 54) പ്രകാരം കേരള ഗ്രാമീണ ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോസ്ഥൻ എന്ന നിലയിൽ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് 2002 വകുപ്പ് 13(12) റൂൾ 3 പ്രകാരം സിദ്ധിച്ച അധികാരമുപയോഗിച്ച് വായ്പക്കാർ/പണയക്കാർ **ശ്രീ. സുധാകര മല്ല്യ.കെ,** (മുഖ്യ വായ്പക്കാരൻ), S/o ഗുരുദത്ത് മല്ല്യ, മല്ല്യാസ് കോമ്പൗണ്ട്, നുള്ളിപ്പാടി, കാസർഗോഡ് പി.ഒ, കാസർഗോഡ് ജില്ല - 671121, ജാമ്യക്കാർ **(1) ശ്രീ. രാമകൃഷ്ണ മല്ല്യ,** S/o ഗിരിധർ മല്ല്യ, പൂർണ്ണിമ നിലയ, മല്ല്യാസ് കോമ്പൗണ്ട്, നുള്ളിപ്പാടി, കാസർഗോഡ് പി.ഒ, കാസർഗോഡ് ജില്ല - 671121, **(2) ശ്രീ. ഗുരുപ്രസാദ് മല്ല്യ,** S/o ഗിരിധർ മല്ല്യ, മല്ല്യാസ് കോമ്പൗണ്ട്, കാസർഗോഡ് പി.ഒ, കാസർഗോഡ് ജില്ല - 671121 എന്നിവർക്ക് വായ്പാ കുടിശ്ശികയായ **15,13,257/- രൂപ** (പതിനഞ്ച് ലക്ഷത്തി പതിമൂന്നായിരത്തി ഇരുനൂറ്റി അമ്പത്തേഴ് രൂപ മാത്രം) നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് ഒരു ഡിമാന്റ് നോട്ടീസ് **08.10.2025** ന് അയച്ചിരുന്നു.

വായ്പക്കാർ പ്രസ്തുത സമയത്തിനകം തുക അടയ്ക്കാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് മേൽപ്പറഞ്ഞ ആക്ടിലെ സെക്ഷൻ 13(4) പ്രകാരവും, സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സമെന്റ് റൂൾസ് 2002, റൂൾ 8 പ്രകാരവുമുള്ള അധികാരമുപയോഗിച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാവരവസ്തുക്കൾ ഇന്നേ ദിവസം **(19.05.2026)** കരസ്ഥപ്പെടുത്തിയിരിക്കുന്നതായി വായ്പക്കാരെ പ്രത്യേകിച്ചും, ജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു.

ഈ വസ്തുക്കളിൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്ന് വായ്പക്കാരെ പ്രത്യേകിച്ചും, ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. ഈ വസ്തുവിലുള്ള ഏതൊരു ഇടപാടും കേരള ഗ്രാമീണ ബാങ്കിലേക്ക് 30.04.2026 വരെ ലഭിക്കാനുള്ള **16,65,006/- രൂപയും** (പതിനാറ് ലക്ഷത്തി അറുപത്തഞ്ചായിരത്തി ആറ് രൂപ മാത്രം) പിന്നീടുള്ള പലിശയ്ക്കും, മറ്റ് ചെലവുകൾക്കും വിധേയമായിരിക്കും.

മേൽപ്പറഞ്ഞ ആക്ടിലെ വകുപ്പ് 13, ഉപവകുപ്പ് 8 പ്രകാരം വായ്പക്ക് ഈടു നൽകിയിട്ടുള്ള സ്ഥാവര വസ്തുക്കൾ വീണ്ടെടുക്കുന്നതിലേക്കുള്ള സമയ ക്രമത്തിലേക്ക് വായ്പക്കാരുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

സ്ഥാവര വസ്തുക്കളുടെ വിവരണം

രാമകൃഷ്ണ മല്ല്യ കെ, ഗുരുപ്രസാദ് മല്ല്യ എന്നിവരുടെ പേരിലുള്ള (1) കാസർഗോഡ് ജില്ല, കാസർഗോഡ് രജിസ്ട്രേഷൻ സബ്ബ് ജില്ല, കാസർഗോഡ് വില്ലേജ്, സർവ്വെ നമ്പർ 156/1 ഭാഗം ആയുള്ള 4 സെന്റ് സ്ഥലവും, ആയതിലെ സകല കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** റി സർവ്വെ 156/1 ഭാഗം, ദാമോദരന്റെ സൈറ്റ്, **കിഴക്ക്:** റോഡ്, **തെക്ക്:** റി സർവ്വെ നമ്പർ 156/1 ഭാഗം, വാസുദേവൻ നായരുടെ സൈറ്റ്, **പടിഞ്ഞാറ്:** റോഡ്. (2) കാസർഗോഡ് ജില്ല, കാസർഗോഡ് രജിസ്ട്രേഷൻ സബ്ബ് ജില്ല, കാസർഗോഡ് വില്ലേജ്, സർവ്വെ നമ്പർ 156/1പി.ടി ആയുള്ള 7 സെന്റ് സ്ഥലവും, ആയതിലെ സകല കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ (5.50 സെന്റ്): വടക്ക്:** ഇതേ SD, **കിഴക്ക്:** ഇതേ SD, നടപ്പാത, **തെക്ക്:** ഇതേ SD, **പടിഞ്ഞാറ്:** ഇതേ SD, നടപ്പാത. **അതിരുകൾ (1.50 സെന്റ്): വടക്ക്:** രാമകൃഷ്ണ മല്ല്യയുടെ വസ്തു, **കിഴക്ക്:** ഇതേ SD, നടപ്പാത, **തെക്ക്:** ഇതേ SD, ഗുരുപ്രസാദ് മല്ല്യയുടെ വസ്തു, **പടിഞ്ഞാറ്:** ഇതേ SD, നടപ്പാത.

19.05.2026
കാസർഗോഡ്

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
കേരള ഗ്രാമീണ ബാങ്ക്

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശദാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്,
ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9 (1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ - ലേല വിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചു കൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ലോട്ട് നം.	ശാഖയുടെ പേര് /അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി	(എ) കരുതൽ വില (ബി) നിരതദ്രവ്യം (സി) ലേല വർദ്ധന തുക (ലക്ഷം)
1	ശാഖ: ARMB കോഴിക്കോട് **M/s പാഷൻ ടൈൽസ് & ഗ്രാനൈറ്റ്** (പ്രൊപ്രൈറ്റർ ശ്രീ. വിനോദ് കുമാർ ജി), ഡോർ നമ്പർ: 11/252 എ (പഴയ നമ്പർ), ചട്ടഞ്ചാൽ, ചെമ്മനാട് പോസ്റ്റ്, കാസർഗോഡ്, പിൻ - 671 541, **ശ്രീ. വിനോദ് കുമാർ ജി,** S/o കടുങ്ങൻ നമ്പ്യാർ, **ശ്രീമതി. ശ്യാമള വിനോദ്** ഇരുവരും താമസം: ഗ്രീഷ്മം, വിദ്യാനഗർ, കാസർഗോഡ് - 671123	കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ, കാസർഗോഡ് വില്ലേജിൽ, റീ സർവേ നം. 295/1pt ൽ പെട്ട ശ്രീ. വിനോദ് കുമാർ.ജിയുടെ പേരിലുള്ള 11.50 സെന്റ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** ശ്രീ. ജി വിനോദ് കുമാർ വക പ്ലോട്ട്; **വടക്ക്:** ശ്രീ. ജി വിനോദ് കുമാർ വക പ്ലോട്ട്; **പടിഞ്ഞാറ്:** ശ്രീ. ജി വിനോദ് കുമാർ വക പ്ലോട്ട്; **തെക്ക്:** സ്വകാര്യ റോഡ്.	(എ) 18.12.2017 (ബി) 30-04-2026 ലെ രൂപ 99,03,073.84 യും 01-05-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) 28.11.2018 (ഡി) പ്രത്യക്ഷ കൈവശം	(എ) രൂപ 46.00 (ബി) രൂപ 4.60 (സി) രൂപ 0.10

സെക്യൂർഡ് ക്രഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല

ഇ - ലേല തീയതിയും സമയവും: 08-06-2026 ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 07-06-2026

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 06-06-2026

ഇ - ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ - ലേല വിൽപന ഓൺലൈൻ മുഖാന്തിരം **08-06-2026** രാവിലെ **11.00** മണിക്കും വൈകിട്ട് **05.00** മണിക്കും ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https:// www.baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 21-05-2026,
സ്ഥലം: കോഴിക്കോട്

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്,
സെക്യൂർഡ് ക്രെഡിറ്റർ